കെട്ടിടങ്ങൾക്ക് നമ്പർ നൽകുവാൻ നടത്തുന്ന അദാലത്തുകൾ

120 (1590) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളുടെ മുൻ അനുവാദമില്ലാതെയും അനുമതി വാങ്ങി വ്യവസ്ഥകൾ പാലിക്കാതെയും നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകുവാൻ നടത്തുന്ന അദാലത്തുകളിൽ പരാതികൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കൊല്ലം ജില്ലയിൽ അദാലത്ത് മുഖേന എത്ര പരാതികളിൽ പരിഹാരം കാണുവാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) അദാലത്തുകളിൽ പരിഹാരം കാണാത്ത കേസുകളിൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2010 ഡിസംബർ 31-വരെ, നിയമാനുസൃതം നിർമ്മാണം പൂർത്തിയാക്കിയിട്ടും നമ്പർ നൽകിയിട്ടില്ലാത്ത കെട്ടിടങ്ങളെയാണ് അദാലത്തിന് പരിഗണിക്കുന്നത്.

(ബി) കൊല്ലം ജില്ലയിൽ ഇതിനകം നടത്തിയ 5 അദാലത്തുകളിൽ പരിഗണിച്ച 547 പരാതികളിൽ 103 എണ്ണത്തിൽ നമ്പർ നൽകുവാൻ ഉത്തരവാകുകയും, 247 എണ്ണം തുടർനടപടികൾക്കും പരിശോധനകൾക്കും ശിപാർശചെയ്യുകയും ഉണ്ടായി. 197 പരാതികൾ നിരസിച്ചിട്ടുണ്ട്. പരിഹരിച്ച പരാതികളിൽ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ 87 എണ്ണം ഉൾപ്പെടുന്നു.

(സി) നിയമപ്രകാരമല്ലാതെ നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾ നിയമവിധേയമാക്കുന്നപക്ഷം അവ ക്രമവൽക്കരിച്ച് നമ്പർ നൽകാവുന്നതാണ്. 21-8-2010-ലെ G.O.(Ms.)No.185/2010/LSGD പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള 2010-ലെ Kerala Building (Regularisation of Unauthorised Construction) Rules -ൽ അനധികൃത കെട്ടിടങ്ങൾ നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിച്ച് നൽകുവാൻ വ്യവസ്ഥചെയ്തിട്ടുമുണ്ട്. ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങൾക്കെതിരെ കേരള പഞ്ചായത്ത്രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവയിൽ വിഭാവനം ചെയ്തിട്ടുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ബിൽഡിംഗ് പെർമിറ്റ് ലഭിക്കാൻ നടപടി

121 (1591) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ് നമ്പർ 52/09 ലഭിക്കാൻ അപേക്ഷ നൽകിയതെന്നാണ് ; അപേക്ഷയിന്മേൽ പെർമിറ്റ് നൽകിയതെന്നാണ് ; അപേക്ഷയിന്മേൽ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പെർമിറ്റ് നമ്പർ 52/09, 20-10-2009-ൽ സസ്പെൻഡ് ചെയ്യാനുള്ള കാരണം വ്യക്തമാക്കാമോ ; നമ്പർ റദ്ദാക്കുന്നതിന് മുമ്പ് പഞ്ചായത്ത് കൈക്കൊണ്ട നടപടിക്രമങ്ങളുടെ പൂർണ്ണവിവരം വ്യക്തമാക്കുമോ ; പ്രസ്തുത നടപടിയിന്മേൽ കെട്ടിട ഉടമയുടെ വിശദീകരണം ലഭിച്ചത് എന്നാണ് ; കെട്ടിട ഉടമ നൽകിയ വിശദീകരണത്തിന്മേൽ പഞ്ചായത്ത് എന്ത് നടപടി സ്വീകരിച്ചു ;

(സി) 52/09 നമ്പർ പെർമിറ്റ് സസ്പെൻഡ് ചെയ്ത നടപടി ചട്ടപ്രകാര മല്ലെങ്കിൽ പ്രസ്തുത നടപടി സ്വീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുമോ ;

(ഡി) 52/09 പെർമിറ്റ് നൽകിയതിനെതിരെ ലഭിച്ച പരാതികളിൽ ഗ്രാമ പഞ്ചായത്ത് എന്തൊക്കെ നടപടി സ്വീകരിച്ചു ; പരാതികളുടെ പകർപ്പ് അടക്കം വിശദവിവരം വ്യക്തമാക്കുമോ ;

(ഇ) 52/09 പെർമിറ്റ് നമ്പർ കെട്ടിട ഉടമ വീട്ടുനമ്പർ/ഓണർഷിപ്പിന് നൽകിയ അപേക്ഷയിന്മേൽ പഞ്ചായത്ത് എന്തു നടപടി സ്വീകരിച്ചു ; പൂർണ്ണ വിവരം വ്യക്തമാക്കുമോ ;

(എഫ്) 52/09 പെർമിറ്റ് ഉടമ ഏതെങ്കിലും തരത്തിലുള്ള ചട്ടവിരുദ്ധ നിർമ്മാണം നടത്തി എന്നു കാണിച്ച് പഞ്ചായത്ത് നോട്ടീസ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ; ഇത്തരത്തിൽ നോട്ടീസ് നൽകുന്നതിന് മുമ്പ് ടിയാന്റെ കെട്ടിടവും അനുബന്ധ നിർമ്മാണങ്ങളും അളവ് അടക്കമുള്ള സ്ഥലപരിശോധന നടത്തിയിരുന്നോ ; പ്രസ്തുത പരിശോധന നടത്താൻ ടിയാന് രേഖാമൂലം അറിയിപ്പ് നൽകിയിരുന്നോ ; ഇത്തരത്തിൽ സ്ഥല പരിശോധന നടത്താൻ ഉത്തരവ് നൽകിയതാരാണ് ; പ്രസ്തുത ഉത്തരവിന്റെയും സ്ഥലപരിശോധന നടത്തിയ റിപ്പോർട്ടിന്റെയും പകർപ്പ് ലഭ്യമാക്കുമോ ;

(ജി) തദ്ദേശ സ്വയംഭരണ ഓംബുഡ്സ്മാൻ മുമ്പാകെ അനുബന്ധ നിർമ്മാണ പ്രവർത്തിക്കെതിരെ പരാതി നിലനിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഷെഡ്, കിണർ ഇവയെ സംബന്ധിക്കുന്ന പരാതികൾ ഓംബുഡ്സ്മാൻ തീരുമാനത്തിന് വിധേയമായി അന്തിമനടപടി സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഐ) 52/09 പെർമിറ്റിൽ നിർമ്മിക്കുന്ന ഭവനത്തിന്റെ അനുബന്ധ പ്രവർത്തികളായ വിറകുപുര, കിണർ എന്നിവയ്ക്കെതിരെ മാത്രം ബഹു. ഓംബുഡ്സ്മാനിൽ അടക്കം പരാതി നിലനിൽക്കുന്നതിനാൽ യാതൊരു പരാതിയും നിലവിലില്ലാത്ത വീടിന്റെ നമ്പർ/ഓണർഷിപ്പ് ഇവ നൽകുവാൻ ഏതെങ്കിലും നിയമതടസ്സമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; ഇല്ലാത്തപക്ഷം അടിയന്തരമായി ഓണർഷിപ്പ്/വീട്ടുനമ്പർ ഇവ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ബി.പി. നമ്പർ ആർ. 52/09-10 ലഭിക്കാൻ ആർ. പ്രമോദ് കുമാർ, ഷിനി, എസ്. രോഹിണി, കരയ്ക്കാട്ടുവിള വീട്, നടുക്കാട്, നരുവാമൂട് പി.ഒ., എന്നിവർ അപേക്ഷനൽകിയത് 20-7-2009-ലാണ്. അപേക്ഷയിൻമേൽ പെർമിറ്റ്നൽകിയത് 24-9-2009-ലാണ് അപേക്ഷകൻ നിർദ്ദിഷ്ടഫീസ് ഒടുക്കിയത് 24-9-2009-ലാണ്. അക്കാരണത്താലാണ് പെർമിറ്റ്നൽകുന്നതിന് കാലതാമസം ഉണ്ടായത്.

(ബി) പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ബി.പി. നമ്പർ ആർ. 52/09-10 തീയതി, 24-9-2009 പ്രകാരം അനുവദിച്ച പെർമിറ്റ് നാളിതുവരെ റദ്ദുചെയ്തിട്ടില്ല. അപേക്ഷകൻ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ കേസ്സ് നിലനിൽക്കുന്നതായി പരമേശ്വരൻ നായർ, രാധാമണി, വഞ്ചിയൂർ മൂലവിളാകം ജംഗ്ഷൻ, പി.ആർ.എസ്. നിലയം എന്നിവർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ പരാതിനൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പരാതി സംബന്ധിച്ച നിജസ്ഥിതി മനസ്സിലാക്കുന്നതിനായി അനുവദിച്ച പെർമിറ്റ് റദ്ദുചെയ്യാതിരിക്കാൻ കാരണങ്ങൾ ഉണ്ടെങ്കിൽ ആയത് രേഖാമൂലം സമർപ്പിക്കാൻ പെർമിറ്റ് ഉടമയോട് ആവശ്യപ്പെട്ടു. പ്രസ്തുത നോട്ടീസിന് 10-11-2009-ൽ പെർമിറ്റ് ഉടമയുടെ മറുപടിയും ലഭിച്ചു. ടിയാന്റെ മറുപടിയുടെയും, വിശദമായ അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ ടിയാൻ വീട് നിർമ്മിക്കുന്ന റീസർവ്വെ നമ്പർ 270-30-ൽപ്പെട്ട വസ്തു സംബന്ധിച്ച് കേസ്സ് നിലവിൽ ഇല്ലായെന്ന് ബോധ്യമാകുകയും അക്കാരണത്താൽ നാളിതുവരെ ടിയാന്റെ പെർമിറ്റ് റദ്ദുചെയ്തിട്ടില്ലാത്തതുമാണ്.

(സി) ബാധകമല്ല.

(ഡി) പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സ്ഥല പരിശോധന നടത്തുകയും പെർമിറ്റ് ഉടമയുടെ വിശദീകരണവും ആരായുകയും ചെയ്തിരുന്നു. പരാതികളുടെ പകർപ്പുകൾ അനുബന്ധം I, II, III, IV ആയി ചേർക്കുന്നു.*

(ഇ) ശ്രീ. ആർ. പ്രമോദ് കുമാർ, ഷിനി, എസ്., രോഹിണി കരയ്ക്കാട്ടുവിള വീട്, നടുക്കാട്, നരുവാമൂട്, പി.ഒ., എന്നിവർ വീട്ടു നമ്പർ/ഓണർഷിപ്പിന് 20-10-2010-ലാണ് പഞ്ചായത്തിൽ അപേക്ഷനൽകിയത്. എന്നാൽ, ഇതിനോടൊപ്പം കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ഹാജരാക്കിയിരുന്നില്ല. ഇതുസംബന്ധിച്ച് ഓവർസിയർനൽകിയ റിപ്പോർട്ടിൽ കിണർ, പ്രധാന കെട്ടിടത്തിന്റെ പുറകിലുള്ള അധിക നിർമ്മാണം എന്നിവ ക്രമവൽക്കരിക്കുന്നമുറയ്ക്ക് നമ്പർ അനുവദിക്കുന്നതാണെന്ന് 2-11-2010-ലെ ഡി-12173/10 നമ്പർ ആയി അപേക്ഷകരെ അറിയിച്ചിട്ടുള്ളതുമാണ്.

(എഫ്) പെർമിറ്റ് ഉടമകൾക്ക് 22-12-2009-ലും 2-11-2010-ലും നോട്ടീസുകൾ നൽകിയിരുന്നതാണ്. ഇതിന്റെ പകർപ്പുകൾ അനുബന്ധം V-ഉം VI-ഉം ആയി ചേർത്തിട്ടുണ്ട്.* സ്ഥലപരിശോധന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം VII ആയി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉണ്ട്. ഒ.പി. നമ്പർ 14/2011 ആയി രജിസ്റ്റർ ചെയ്ത പരാതി ഹിയറിംഗിനായി 2-4-2011-ൽ പോസ്റ്റ്ചെയ്തിട്ടുണ്ട്.

(എച്ച്) തീരുമാനിച്ചിട്ടില്ല.

(ഐ) ചട്ടപ്രകാരമുള്ള ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

പഞ്ചായത്ത് വികസന ഗൈഡ് 2011

122 (1592) ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'പഞ്ചായത്ത് വികസന ഗൈഡ് 2011' ന്റെ എത്ര കോപ്പിയാണ് പഞ്ചായത്ത് വകുപ്പ് 2011-ൽ അച്ചടിച്ചത് ;

(ബി) 'പഞ്ചായത്ത് വികസന ഗൈഡ് 2011' ന്റെ ഒരു കോപ്പിക്ക് എന്ത് രൂപ ചെലവ് വരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത് വികസന ഗൈഡ് 2011-ന്റെ 31000 കോപ്പികൾ പഞ്ചായത്ത് വകുപ്പിനുവേണ്ടിയും 10500 കോപ്പികൾ ഗ്രാമവികസന വകുപ്പിനുവേണ്ടിയും അച്ചടിച്ചിട്ടുണ്ട്.

(ബി) 69.90 രൂപ (അറുപത്തി ഒൻപത് രൂപ തൊണ്ണൂറ് പൈസാമാത്രം)

ത്രിതല പഞ്ചായത്ത് മെമ്പർമാരുടെ ഓണറേറിയം

123 (1593) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ജീവിതച്ചെലവും ജോലിഭാരവും വർദ്ധിച്ച സാഹചര്യത്തിൽ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടെ ഓണറേറിയവും മറ്റാനുകൂല്യങ്ങളും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) എന്നുമുതൽ ഈ വർദ്ധനവ് നടപ്പാക്കുമെന്ന് വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly